# 13-ാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 4016 31.01.2014-ൽ മറുപടിക്ക്**

### സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക സാമ്പത്തിക സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | | **കുമാരി. പി.കെ. ജയലക്ഷ്മി**<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനതല സ്കൂൾ/സർവ്വകലാശാല, ജില്ലാതല സ്കൂൾ കലാകായിക മത്സരങ്ങൾ, അന്തർ സർവ്വകലാശാല മത്സരങ്ങൾ എന്നിവയിൽ ഒന്ന്, രണ്ട് സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുകയാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (സി) | ജില്ലാതല സ്ക്കൂൾ കലാ കായിക മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 800/-രൂപയും രണ്ടാം സ്ഥാനം നേടുന്നവർക്ക് 600/-രൂപയും സംസ്ഥാനതല സ്കൂൾ/സർവ്വകലാശാല കലാ കായിക മത്സരങ്ങളിൽ ഒന്നാം |

| | | | |
|---|---|---|---|
| | | | സ്ഥാനത്തിന് 1000/-രൂപയും രണ്ടാം സ്ഥാനത്തിന് 800/-രൂപയും അന്തർ സർവ്വകലാശാല മത്സരങ്ങളിൽ ഒന്നാം സ്ഥാനക്കാർക്ക് 1500/-രൂപയും രണ്ടാം സ്ഥാനക്കാർക്ക് 1000/- രൂപയും നൽകി വരുന്നു. |
| ( ഡി ) | ഏത് വർഷം മുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | ( ഡി ) | 10.05.2005 ലെ സർക്കാർ ഉത്തരവ് (എം.എസ്) 591/2005 പജപവവിവ പ്രകാരം പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ആഫീസർ